File No.LSGD-DC1/69/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തെരഞ്ഞെടുപ്പ് ദിവസം പോളിംഗ് സ്റ്റേഷനുകളിലെ കോവിഡ് മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ശുചീകരണ ജീവനക്കാർക്ക് ദിവസ വേതനം നൽകുന്നത് സംബന്ധിച്ചും ചെലവ് തുക അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.779/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/03/2021

പരാമർശം:- 1 14.09.2020 ലെ സ ഉ (സാധാ) നം. 1649/2020/തസ്വഭവ ഉത്തരവ്.

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.3.2021 ലെ 1071/E2/SM/2020 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പോളിംഗ് സ്റ്റേഷനുകളിൽ കോവിഡ് മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്ക് പരാമർശം 1 ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പോലെ ദിവസ വേതനമായ 750 രൂപയും സുരക്ഷാ സംവിധാനങ്ങളും അനുവദിക്കുന്നതിനും, ചെലവ് തുക അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതിനും, തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നൽകി ഉത്തരവാകണമെന്നും, ഹരിത കർമ്മ സേനാംങ്ങൾ സജീവമല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ സി.ഡി.എസുകളിൽ നിന്ന് അനുയോജ്യമായവരെ കണ്ടെത്തി മെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പ് മുഖാന്തരം പരിശീലനം നൽകി നിയോഗിക്കണമെന്നും പരാമർശം 2 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, നിയമസഭാ തെരഞ്ഞെടുപ്പ് ദിവസം പോളിംഗ് സ്റ്റേഷനുകളിലെ കോവിഡ് മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ശുചീകരണ ജീവനക്കാർക്ക് പരാമർശം 1 ൽ ഉത്തരവായതു പ്രകാരം ദിവസ വേതനമായ 750 രൂപയും സുരക്ഷാ സംവിധാനങ്ങളും അനുവദിച്ചും, ചെലവ് തുക അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നൽകിയും, ഹരിത കർമ്മ സേനാംഗങ്ങൾ സജീവമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ സി.ഡി.എസുകളിൽ നിന്ന് അനുയോജ്യമായവരെ കണ്ടെത്തി, ആരോഗ്യ വകുപ്പ് മുഖാന്തരം

പരിശീലനം നൽകി നിയോഗിക്കാൻ മെഡിക്കൽ ഓഫീസർമാർക്കു നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
ഡെപ്യൂട്ടിസെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ, ഹരിതകേരളം മിഷൻ
ചീഫ് ഇലക്ടറൽ ഓഫീസർ,കേരള
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗര സഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്